## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*524.** **02.07.2019 ൽ മറുപടിയ്ക്ക്**

### മയക്കുമരുന്നുകളുടെ വ്യാപനം നിയന്ത്രിക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.വി. ജോയി<br>,, എ. എൻ. ഷംസീർ<br>,, പി.ടി.എ. റഹീം<br>പ്രൊഫ.കെ.യു. അരുണൻ** | | **ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | മയക്കുമരുന്നുകളുടെ ഉറവിടം കണ്ടെത്തി അവയുടെ വ്യാപനം തടയുന്നതിന് എക്സൈസ് സ്പെഷ്യൽ സ്ക്വാഡ് രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; | (എ) | മയക്കുമരുന്നുകളുടെ ഉറവിടം കണ്ടെത്തി അവയുടെ വ്യാപനം തടയുന്നതിനു 14 ജില്ലകളിലും ഓരോന്നുവീതം എക്സൈസ് എൻഫോഴ്സ്മെന്റ് ആന്റ് ആന്റി നാർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡും, ഇടുക്കി ജില്ലയിൽ അടിമാലി കേന്ദ്രീകരിച്ച് ഒരു നാർകോട്ടിക് എൻഫോഴ്സ്മെന്റ് സ്ക്വാഡും നിലവിൽ പ്രവർത്തിച്ചുവരുന്നു. ഇതു കൂടാതെ സ്പിരിറ്റും മറ്റ് മയക്കുമരുന്നുകളും കണ്ടുപിടിക്കുന്നതിനായി സംസ്ഥാനമൊട്ടാകെ കേസ് എടുക്കുവാനുള്ള അധികാരത്തോട് കൂടി എക്സൈസ് കമ്മീഷണറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഒരു സ്പെഷ്യൽ സ്ക്വാഡും ദക്ഷിണമേഖല, മദ്ധ്യമേഖല, ഉത്തരമേഖല എന്നിവ കേന്ദ്രീകരിച്ച് എക്സൈസ് കമ്മീഷണറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ മൂന്ന് മേഖല സ്പെഷ്യൽ സ്ക്വാഡുകളും രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | ആധുനിക യന്ത്രോപകരണങ്ങൾ ഉൾപ്പെടെ സ്ഥാപിച്ചുകൊണ്ട് ചെക്ക്പോസ്റ്റുകളെ ശക്തിപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | കേരളത്തിലെ ആകെയുള്ള 41 ചെക്ക്പോസ്റ്റുകളിൽ പ്രധാനപ്പെട്ട 14 എക്സൈസ് ചെക്ക് പോസ്റ്റുകളിൽ സി.സി.ടി.വി സംവിധാനം ഏർപ്പെടുത്തി. 20 ചെക്ക് പോസ്റ്റുകൾ കംപ്യൂട്ടർവൽക്കരിച്ചു. 27 ചെക്ക് പോസ്റ്റുകളിൽ മോട്ടോർ ബൈക്കുകൾ വിതരണം ചെയ്തു. 25 ചെക്ക് പോസ്റ്റുകളിൽ സോളാർ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിച്ചു. എല്ലാ ചെക്ക് പോസ്റ്റുകളിലും 1 കെ.വി. ഇൻവെർട്ടറുകൾ, ഡിജിറ്റൽ എൽ.ഇ.ഡി സൈൻബോർഡ് എന്നിവ സ്ഥാപിച്ചു. |
| (സി) | ലഹരിക്കടിമപ്പെട്ടവരെ അതിൽ നിന്ന് പിന്തിരിപ്പിക്കാനും ലഹരിയുടെ വിപത്തിനെക്കുറിച്ച് ബോധവൽക്കരണം ശക്തിപ്പെടുത്തി | (സി) | വിമുക്തി സേന എന്ന ആശയം സംസ്ഥാനത്തിലുടനീളം പ്രായോഗികമാക്കുന്നത് ഗുണകരമായിരിക്കുമെന്നുള്ളതുകൊണ്ട് സംസ്ഥാന തലത്തിൽ ഒരു പ്രത്യേക ഘടനയോടുകൂടി വിമുക്തി |

| | | | |
|---|---|---|---|
| | ലഹരിവർജ്ജന പ്രവർത്തനം ഫലപ്രദമാക്കുന്നതിനും കൊല്ലം ജില്ലയിലെ വിമുക്തി സേന മാതൃക സംസ്ഥാനത്താകെ വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; | | സേന രൂപീകരിക്കുന്നതിനുള്ള നടപടികൾ പരിശോധിച്ച് വരുന്നു. |
| (ഡി) | ലഹരിക്കടിമപ്പെട്ടവർക്ക് കൗൺസിലിംഗിനും ലഹരി വിമുക്തി ചികിത്സക്കും ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ എന്തെല്ലാമാണ് എന്നറിയിക്കാമോ; | (ഡി) | ലഹരിക്കടിമപ്പെട്ടവർക്കും ലഹരിയുടെ പാതയിലേക്ക് വഴുതിപോകാൻ ഇടയുള്ളവർക്കും പരിചരണവും കരുതലും ആവശ്യമാണെന്ന ഉത്തമ ബോധ്യത്തിന്റെ അടിസ്ഥാനത്തിൽ വിമുക്തി മിഷന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ കൗൺസലിംഗ് സെന്ററുകൾ പ്രവർത്തിച്ച് വരുന്നുണ്ട്.<br><br>ലഹരിക്ക് അടിമപ്പെട്ടവരെ സാധാരണ ജീവിത്തിലേക്ക് തിരികെയെത്തിക്കുന്നതിനായി വിമുക്തി മിഷന്റെ ആഭിമുഖ്യത്തിൽ ആരോഗ്യവകുപ്പുമായി സഹകരിച്ചുകൊണ്ട് പതിനാല് ജില്ലകളിലും സർക്കാർ ആശുപത്രികളിൽ ഡി-അഡിക്ഷൻ സെന്ററുകൾ പ്രവർത്തനം നടത്തി വരുന്നുണ്ട്. |
| (ഇ) | അശാസ്ത്രീയ ലഹരിവിമുക്തി ചികിത്സാരീതി പിന്തുടരുന്ന സ്ഥാപനങ്ങളെ നിയന്ത്രിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (ഇ) | അശാസ്ത്രീയ ലഹരിവിമുക്തി ചികിത്സാരീതി പിന്തുടരുന്ന സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് നിയമപരമായ നടപടികൾ സ്വീകരിക്കുന്ന കാര്യം മറ്റ് വകുപ്പുകളുമായി ബന്ധപ്പെട്ട് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ